**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 391** **10-02-2025 - ൽ മറുപടിയ്ക്ക്**

**വാർഷിക പദ്ധതിയിൽ വെട്ടിച്ചുരുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. ടി. സിദ്ദിഖ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2024-25 ലെ വാർഷിക പദ്ധതിയിൽ അംഗീകാരം നൽകിയ പ്രോജക്ടുകൾ/പദ്ധതികൾ 50% വരെ വെട്ടിച്ചുരുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ; | (എ) | കേന്ദ്ര ധനകൈമാറ്റത്തിൽ വന്ന ഇടിവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ ഉണ്ടായിട്ടുള്ള കുറവും സംസ്ഥാനത്ത് ധനഞെരുക്കം സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ വിവിധ ക്ഷേമ പദ്ധതികളിലെ കുടിശ്ശിക, മറ്റ് ആനുകൂല്യങ്ങൾ എന്നിവ സർക്കാരിന് സമയബന്ധിതമായി കൊടുത്ത് തീർക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത സാഹചര്യം കണക്കിലെടുത്ത് നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ ആവശ്യമായ ക്രമീകരണം നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 17.07.2024, 31.08.2024 തീയതികളിലെ സ. ഉ (പി) നം. 57/2024/ധന, സ. ഉ (പി) നം. 76/2024/ധന ഉത്തരവുകൾ മുഖേന സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഭരണാനുമതി നൽകിയ പദ്ധതികളിൽ 10 കോടി രൂപയ്ക്ക് മേൽ അടങ്കലുള്ള തുടർ പ്രോജക്ടുകൾ ഉൾപ്പെടെയുള്ള പദ്ധതികളുടെ അനിവാര്യത സംബന്ധിച്ച് സെക്രട്ടറി തല സമിതി പരിശോധിച്ച് പദ്ധതി മാറ്റി വയ്ക്കുകയോ അനിവാര്യത കണക്കിലെടുത്ത് വകുപ്പിന് ഭരണാനുമതി നൽകിയ ആകെ തുകയുടെ 50% ആയും 10 കോടി രൂപയ്ക്ക് താഴെയുള്ള പദ്ധതികളുടെ അനിവാര്യത സംബന്ധിച്ച് വകുപ്പ് സെക്രട്ടറി, വകുപ്പ് അധ്യക്ഷനുമായി കൂടിയാലോചിച്ച് വകുപ്പിന് ഭരണാനുമതി നൽകിയ മൊത്തം തുകയുടെ 50% ആയും നിജപ്പെടുത്തേണ്ടതുമാണ്. |

| | | | |
|---|---|---|---|
| (ബി) | ഇത്തരത്തിൽ വെട്ടിച്ചുരുക്കുമ്പോൾ സ്പെഷ്യൽ കംപോണന്റ് പ്ലാൻ, ട്രൈബൽ സബ്പ്ലാൻ എന്നീ ഘടക പദ്ധതികളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിവരുന്ന തുകയിലും വെട്ടിച്ചുരുക്കൽ സംഭവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ബി) | സ്പെഷ്യൽ കംപോണന്റ് പ്ലാനിൽ പട്ടിക ജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളിൽ ചട്ടം 300 പ്രകാരമുള്ള പദ്ധതികളുടെ വിഹിതം ഉൾപ്പെടെ ആകെ വിഹിതത്തിൽ 78.53 ശതമാനം വകുപ്പിനു ലഭ്യമായിട്ടുണ്ട്. വകുപ്പ് നടപ്പാക്കുന്ന പദ്ധതികളിൽ വാത്സല്യനിധി, വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ എന്നീ പദ്ധതികളിൽ നിലവിൽ പ്രവർത്തനങ്ങൾ ഒന്നും പുരോഗമിക്കാത്തതിനാൽ അവയുടെ വിഹിതം ക്രമീകരിച്ചിട്ടുണ്ട്. മറ്റ് എല്ലാ പദ്ധതികളിലും നിലവിലെ അപേക്ഷകളും പ്രവർത്തികളും പൂർത്തീകരിക്കാനുള്ള വിഹിതം കണ്ടെത്തിയതിനു ശേഷമാണ് ക്രമീകരണം ഏർപ്പെടുത്തിയത്.<br><br>2024-25 വർഷത്തെ പട്ടിക വർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പട്ടിക വർഗ്ഗ ഉപ പദ്ധതികളിലും ക്രമീകരണം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ